LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) 45.25 കോടി രൂപയുടെ സുനാമി അടിയന്തര സഹായ പദ്ധതി 2009 ഒക്ടോബർ 31-ന് പൂർത്തീകരിച്ചു. സുനാമി പുനരധിവാസ പദ്ധതി 2010 ഡിസംബർ 31-നും പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായത്തോടുള്ള പദ്ധതികൾ 2010 സെപ്റ്റംബർ 30-നും പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള 34 ഉപ പദ്ധതികളിൽ 19 എണ്ണം പൂർത്തീകരിച്ചുകഴിഞ്ഞു. പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധി പദ്ധതിയിൽ 5 ഉപ പദ്ധതികളിൽ 2 എണ്ണം പൂർത്തീകരിച്ചു.

(സി) ഇനി പൂർത്തീകരിക്കാനുള്ള പദ്ധതികളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(ഡി) സുനാമി അടിയന്തര സഹായ പദ്ധതിയിൽ 45.25 കോടി രൂപയും, സുനാമി പുനരധിവാസ പദ്ധതിയിൽ 12.78 കോടി രൂപയും, പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധി ഉപയോഗിച്ചുള്ള ധനസഹായ പദ്ധതിയിൽ 10.41 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

സുനാമി ബാധിതരായ മത്സ്യത്തൊഴിലാളികൾക്ക് ജീവനോപാധികൾ

215 (4839) ശ്രീ. വർക്കല കഹാർ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. കെ. ബാബു :
ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുനാമി ബാധിതരായ മത്സ്യത്തൊഴിലാളികൾക്ക് ജീവനോപാധികൾ ലഭ്യമാക്കുക എന്ന പദ്ധതിയിൻകീഴിൽ ഈ സർക്കാർ ഇതുവരെ എന്തൊക്കെ കർമ്മപരിപാടികളാണ് നടപ്പിലാക്കിയതെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ പദ്ധതിക്കായി ഇതുവരെ എത്ര കോടി രൂപയാണ് ചെലവഴിച്ചത് ;

(സി) ഈ പദ്ധതിയനുസരിച്ച് മത്സ്യത്തൊഴിലാളികളുടെ ജീവനോപാധികളായി നൽകുന്ന ഉപകരണങ്ങളുടെ ഗുണനിലവാരം മോശമായതിനാൽ ഇവ പലർക്കും ഉപയോഗിക്കാൻ സാധിക്കാതെ പോയ വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇത്തരം ജീവനോപാധി ഉപകരണങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും ഗുണനിലവാരം കുറഞ്ഞ ഉപകരണങ്ങൾ നൽകുന്നത് തടയാനും എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) സുനാമി ബാധിതരായ മത്സ്യത്തൊളിലാളികൾക്ക് ജീവനോപാധികൾ നൽകുന്നതിനായി ഇതുവരെ എന്തു തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സുനാമി ബാധിതരായ മത്സ്യത്തൊഴിലാളികൾക്ക് ജീവനോപാധികൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന ഫിഷറീസ് വകുപ്പ്, ഏഷ്യൻ ഡവലപ്മെന്റ് ബാങ്കിന്റെ സഹായത്തോടെ 45.25 കോടി രൂപയുടെ സുനാമി അടിയന്തര സഹായപദ്ധതിയും (ടീപ്പ്) കേന്ദ്ര ഗവൺമെന്റ് സഹായത്തോടെ 23.29 കോടി രൂപയുടെ സുനാമി പുനരധിവാസ പദ്ധതിയും, പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധി ഉപയോഗിച്ച് 21.2186 കോടി രൂപയുടെ പദ്ധതികളും നടപ്പാക്കിവരുന്നു. തീരമൈത്രി എന്ന പൊതു നാമധേയത്തിലാണ് ഈ പദ്ധതികൾ അറിയപ്പെടുന്നത്. ഇതിൽ സുനാമി അടിയന്തര സഹായ പദ്ധതി 2009 ഒക്ടോബർ മാസത്തിൽ പൂർത്തിയാക്കി. സുനാമി പുനരധിവാസ പദ്ധതി 2010 ഡിസംബർ മാസത്തിലും പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധി ഉപയോഗിച്ചുള്ള പദ്ധതി 2010 സെപ്തംബർ മാസത്തിലും പൂർത്തീകരിക്കും. നടപ്പിലാക്കിവരുന്ന പദ്ധതികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സുനാമി അടിയന്തര സഹായ പദ്ധതിക്കായി ഇതുവരെ 45.25 കോടി രൂപ ചെലവഴിച്ചു. സുനാമി പുനരധിവാസ പദ്ധതിയിൽ 30-6-2010 വരെ 12.78 കോടി രൂപയും പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധി ഉപയോഗിച്ചുള്ള പദ്ധതിയിൽ 30-6-2010 വരെ 10.41 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

(സി) ഇല്ല. സുനാമി പദ്ധതികളിലൂടെ നടപ്പിലാക്കിയ എല്ലാ ജീവനോപാധി പദ്ധതികളിലും ആവശ്യമായി വന്നിട്ടുള്ള ഉപകരണങ്ങൾ അതാത് ഗുണഭോക്തൃ ഗ്രൂപ്പുകൾ തന്നെ നിശ്ചിത മാനദണ്ഡങ്ങൾക്ക് വിധേയമായി ക്വട്ടേഷൻ വിളിച്ച് വാങ്ങിയിട്ടുള്ളതാണ്. ഒരു ഉപകരണവും ഗവൺമെന്റ് നേരിട്ട് വാങ്ങി ഗ്രൂപ്പുകൾക്ക് നൽകിയിട്ടില്ല.

(ഡി) ഭരണാനുമതി നൽകിയ പദ്ധതികളിൽ ഉൾപ്പെട്ട ഓരോ ഉപകരണത്തിന്റേയും ഗുണനിലവാരം പദ്ധതിയിൽ തന്നെ നിഷ്ക്കർഷിക്കുകയും ആയത് പാലിക്കപ്പെടുന്നുണ്ടെന്ന് പദ്ധതി നടത്തിപ്പ് ഉദ്യോഗസ്ഥർക്ക് ബോധ്യപ്പെടുകയും, ഉപകരണങ്ങൾ വാങ്ങുന്നത് ക്വട്ടേഷൻ മുഖേനയാണെന്ന് ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. പദ്ധതിക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനായി ഓരോ ഗുണഭോക്തൃ ഗ്രൂപ്പിലും ഒരു പർച്ചേയ്സ് കമ്മിറ്റി രൂപീകരിക്കുകയും ആ കമ്മിറ്റിയുടെ തീരുമാനപ്രകാരം ഉപകരണങ്ങൾ വാങ്ങുകയുമാണ് ചെയ്തിട്ടുള്ളത്. നിഷ്ക്കർഷിക്കപ്പെട്ട ഗുണനിലവാരമുള്ള ഉപകരണങ്ങൾ വാങ്ങി സ്റ്റോക്കിൽ എടുത്തിട്ടുണ്ട് എന്ന് ഉറപ്പുവരുത്തിയിട്ടാണ് ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് പ്രവർത്തനമൂലധനം അനുവദിക്കുന്നത്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇതുവരെ ടി. ഇ. എ. പി. യിൽ 45.25 കോടി രൂപയും ടി. ആർ. പി. യിൽ 12.78 കോടി രൂപയും പ്രധാനമന്ത്രിയുടെ ദുരിതാശ്വാസനിധി ഉപയോഗിച്ചുള്ള പദ്ധതിയിൽ 10.41 കോടി രൂപയും ചെലവഴിച്ചു.

ഫിഷറീസ് സർവ്വകലാശാലയുടെ പശ്ചാത്തല സൗകര്യം

216 (4840) ശ്രീ. ബി. ബാബു പ്രസാദ് : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നിർദ്ദിഷ്ട ഫിഷറീസ് സർവ്വകലാശാലയുടെ പശ്ചാത്തല സൗകര്യം ഉറപ്പാക്കുന്ന കാര്യത്തിൽ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കുമോ ?

ഉത്തരം

അന്തർദ്ദേശീയ സ്ഥാപനങ്ങളുടെ നിലവാരമുള്ള പഠനരീതി, ഗവേഷണ പഠനങ്ങൾ, മത്സ്യമേഖലയുടെ സമഗ്ര വികസനം എന്നിവ ലക്ഷ്യമിട്ട് ആരംഭിക്കുന്ന സർവ്വകലാശാലയുടെ പശ്ചാത്തല സൗകര്യം ഉറപ്പാക്കുന്നതിന്, പ്രസ്തുത സർവ്വകലാശാല കൊച്ചി പനങ്ങാട് ഫിഷറീസ് കോളേജ് ആസ്ഥാനമായി സ്ഥാപിക്കുവാനാണ് തീരുമാനിച്ചിരിക്കുന്നത്.

കള്ളപ്രമാണങ്ങൾ തടയുന്നതിനുള്ള നടപടികൾ

217 (4841) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഭൂമി കവർന്നെടുത്ത് വ്യാജ പ്രമാണങ്ങൾ രജിസ്റ്റർ ചെയ്ത എത്ര കേസുകൾ സംസ്ഥാനത്താകെ രജിസ്ട്രേഷൻ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് ; ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ ?

(ബി) വയനാട് ജില്ലയിൽ കള്ളപ്രമാണങ്ങൾവഴി സർക്കാർ ഭൂമി തട്ടിയെടുത്തവരുടെ പേരും വിലാസവും എസ്. ആർ. ഒ തിരിച്ച് ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

അണ്ടർ വാല്യുവേഷൻ സംബന്ധിച്ച നോട്ടീസ്

218 (4842) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ന്യായമായ ഫീസും സ്റ്റാമ്പ് ഡ്യൂട്ടിയും നൽകിയവർക്കും അണ്ടർ വാല്യുവേഷൻ നോട്ടീസ് അയയ്ക്കുന്നതിന് എതിരെ പരാതി ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത്തരം കേസുകളിൽ എന്ത് നടപടി സ്വീകരിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly